# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ – കുടുംബശ്രീ
# എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

**(ഹാജർ: എസ്. ഹരികിഷോർ ഐ.എ.എസ്.)**

വിഷയം :- കുടുംബശ്രീ – മൾട്ടിപർപ്പസ് ഗ്രൂപ്പ് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ് നമ്പർ 2903/D/2016/KSHO തീയതി 21..08..2017**

കുടുംബശ്രീ സൂക്ഷ്മ സംരംഭ മേഖലയിൽ മൾട്ടിപർപ്പസ് ഗ്രൂപ്പുകൾ രുപീകരിക്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു. പ്രസ്തുത മാർഗ്ഗ നർദ്ദേശം ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

**എല്ലാ ജില്ലാമിഷൻ കോ–ഓർഡിനേറ്റർമാർക്കും**

പകർപ്പ്

1. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
2. ശേഖരണ ഫയൽ/കരുതൽ

**അംഗീകാരത്തോടെ,**

**പ്രോഗ്രാം ഓഫീസർ (എം.ഇ.)**

# കുടുംബശ്രീ മൾട്ടി പർപ്പസ് ഗ്രൂപ്പ് രൂപീകരണ - പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ

**ആമുഖം**

കുടുംബശ്രീ സംഘടനാ സംവിധാനത്തിലെ അംഗങ്ങൾക്ക് വ്യത്യസ്തങ്ങളായ സ്വയംതൊഴിൽ അവസരങ്ങൾ ലഭ്യമാക്കുകയും അതിലൂടെ സാമ്പത്തിക ശാക്തീകരണം സാധ്യമാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്ന പദ്ധതികളാണ് ആർ.എം.ഇ., യുവശ്രീ എന്നിവ. ടി പദ്ധതികളുടെ മാനദണ്ഡങ്ങളിലെ വ്യവസ്ഥകൾ പലപ്പോഴും സംസ്ഥാന-ജില്ലാതല സംരംഭരുപീകരണ പ്രക്രിയയ്ക്ക് വിഘാതം സൃഷ്ടിക്കുന്നവയാണ്. ഇത്തരം സാഹചര്യത്തിൽ നൂതനവും എന്നാൽ സമകാലിക സാഹചര്യത്തിൽ സാധ്യത ഏറി വരുന്നതുമായ സംരംഭങ്ങൾ രുപീകരിക്കുന്നതിന് ഒരു പുതിയ പദ്ധതി മാനദണ്ഡം അനിവാര്യമാണ്.

**പ്രസക്തി/ലക്ഷ്യം**

ഒരേ മേഖലയിൽ അഭിരുചിയും താത്പര്യവും വൈഭവവുമുള്ള യുവതീയുവാക്കൾ വ്യത്യസ്ത ജില്ലകളിൽ നിന്നോ ഒരു ജില്ലയിലെ തന്നെ വ്യത്യസ്ത പ്രദേശങ്ങളിൽ നിന്നോ ആണെങ്കിൽ അവരെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനും അവരുടെ കഴിവും അറിവും പ്രകടിപ്പിക്കുന്നതിനും അവസരമൊരുക്കുകയും അവർക്ക് അർഹമായ വരുമാനവും പ്രോത്സാഹനവും നൽകുകയും ചെയ്യുക. ഇപ്രകാരം വ്യത്യസ്തവും പുതുമായർന്നതുമായ സംരംഭങ്ങൾ ആരംഭിക്കുക വഴി അതത് മേഖലകളിൽ നിലവിലുള്ള മനുഷ്യ വിഭവശേഷിയുടെ അഭാവം നികത്തുക, തൊഴിലില്ലായ്മ പരിഹരിക്കുകയും മെച്ചപ്പെട്ട വരുമാനം ഉറപ്പുവരുത്തുയും ചെയ്യുക.

**ഗ്രൂപ്പ് രുപീകരണം**

1. ഗ്രൂപ്പ് അംഗങ്ങളെല്ലാം കുടുംബശ്രീ അംഗങ്ങളോ കുടുംബാംഗങ്ങളോ ആയിരിക്കണം.

2. ഒരു ഗ്രൂപ്പിൽ മൂന്നോ അതിൽ കൂടുതലോ അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

3. ഗ്രൂപ്പ് പ്രസിഡന്റിനേയും സെക്രട്ടറിയേയും തിരഞ്ഞെടുക്കേണ്ടതാണ്.

4. അംഗങ്ങൾ തമ്മിൽ ആന്തരിക ഉടമ്പടി ഉണ്ടായിരിക്കേണ്ടതാണ്.

5. അംഗങ്ങൾക്ക് അവർ തിരഞ്ഞെടുക്കുന്ന മേഖലയിൽ പരിശീലനം ലഭിച്ചതിന്റെ സർട്ടിഫിക്കറ്റ് പ്രവർത്തി പരിചയം എന്നിവയടങ്ങുന്ന രേഖകൾ ഉണ്ടായിരിക്കേണ്ടതാണ്.

6. ഗ്രൂപ്പിന് ഏതെങ്കിലും ജില്ലയിൽ ഓഫീസ് ഉണ്ടായിരിക്കേണ്ടതാണ്.

7. ടി ഓഫീസ് സ്ഥിതി ചെയ്യുന്ന ജില്ലാമിഷനിൽ ഗ്രൂപ്പ് അഫിലിയേറ്റ് ചെയ്യേണ്ടതാണ്.

8. ഓഫീസ് സ്ഥിതി ചെയ്യുന്ന ജില്ലയിൽ ഗ്രൂപ്പ് ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതാണ്.

9. ഗ്രൂപ്പിന് ടോൾഫ്രീ നമ്പർ (കോമൺ നം. ) ഉണ്ടായിരിക്കേണ്ടതുമാണ്.

10. ഗ്രൂപ്പിലെ അംഗങ്ങൾക്ക് സ്വമേധയാ പിരിഞ്ഞുപോകാവുന്നതാണ് എന്നാൽ കൂടുതൽ അംഗങ്ങളെ കൂട്ടിചേർക്കുന്നത് യൂണിറ്റ് സ്ഥിതി ചെയ്യുന്ന ജില്ലയിലെ ജില്ലാമിഷൻ കോ-ഓർഡിനേറ്ററുടെ അനുമതിയോടുകൂടിയായിരിക്കണം.

11. ഗ്രൂപ്പിൽ നിന്നും അംഗങ്ങളെ ഒഴിവാക്കുന്നതിനും അച്ചടക്ക നടപടിയെടുക്കുന്നതിനും ജില്ലാമിഷൻ കോ-ഓർഡിനേറ്റർക്ക് അധികാരമുണ്ടായിരിക്കും

12. യൂണിറ്റിന്റെ കണക്കുകൾ കൃത്യമായി ഓഡിറ്റ് ചെയ്ത് ജില്ലാമിഷന് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

ചുമതല

- സുസ്ഥിരമായ വളർച്ചയ്ക്കും വികസനത്തിനും, നിലനിൽപ്പിനും ആവശ്യമായ മത്സരക്ഷമത നേടുന്നതിന് ആവശ്യമായ തൊഴിൽ പ്രാവീണ്യം ഉണ്ടായിരിക്കേണ്ടതാണ്.

- കുടുംബശ്രീയിൽ നിന്നും മറ്റു അനുയോജ്യമായ ഏജൻസികളിൽ നിന്നും ഓർഡറുകൾ സമ്പാദിക്കുക

- ഏറ്റെടുക്കുന്ന ജോലികൾ കൃത്യതയോടുകൂടി സമയബന്ധിതമായി പൂർത്തിയാക്കുക

- യൂണിറ്റിനാവശ്യമായ വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുക.

യൂണിറ്റിന്റെ പ്രവർത്തനമേഖലയെ അടിസ്ഥാനപ്പെടുത്തി 2 തരത്തിൽ യൂണിറ്റ് രുപീകരിക്കാവുന്നതാണ്.

**I. മൾട്ടിപർപ്പസ് ജോബ് ക്ലബ്ബ്**

1. പെയിന്റിംഗ്
2. പ്ലംബ്ബിംഗ്
3. ഇലക്ട്രിക്കൽ
4. ഗാർഡനിംഗ് & ലാൻഡ് സ്കേപിംഗ്
5. ക്ലീനിംഗ്
6. ഫർണിഷിംഗ്/ഇന്റീരിയർ ഡിസൈനിംഗ്
7. ഓട്ടോമൊബൈൽ റിപ്പയറിംഗ്
8. മെഷിനറി റിപ്പയർ / ഹോം അപ്ലയൻസ് റിപ്പയർ

**II. സ്പെഷ്യൽ ടാസ്ക് ടീം**

1. സർവ്വേകൾ
2. അവസ്ഥാപഠനങ്ങൾ

3. ഡോക്യുമെന്റേഷൻ
4. ഇവന്റ് മാനേജ്മെന്റ്
5. പ്രോജക്ട് സൂപ്പർവിഷൻ
6. റിപ്പോർട്ട് പ്രിപ്പറേഷൻ
7. ഫോട്ടോഗ്രാഫി
8. പരിശീലനങ്ങളുടെ ഏകോപനം
9. മാർക്കറ്റിംഗ്

**ജില്ലാമിഷൻ**

ഇത്തരം യൂണിറ്റുകൾ ആവശ്യകതാടിസ്ഥാനത്തിൽ രുപീകരിക്കാവുന്നതും മറ്റ് സൂക്ഷ്മസംരംഭങ്ങൾക്കു നൽകുന്ന എല്ലാവിധ സാമ്പത്തിക സഹായങ്ങളും യോഗ്യതാ മാനദണ്ഡം പരിശോധിച്ച് ടി യൂണിറ്റുകൾക്കും നൽകാവുന്നതുമാണ്. യൂണിറ്റിന് എം.ഇ.സി. സഹായവും മറ്റു പിന്തുണാസഹായങ്ങളും നൽകാവുന്നതാണ്. യൂണിറ്റിന് ആവശ്യമായ തുടർ പരിശീലനങ്ങൾ നൽകേണ്ടതാണ്. കുടുംബശ്രീയുടെ അറിവിലോ പരിധിയിലോ വരുന്ന ജോലികൾ ടി യൂണിറ്റുകൾ മുഖേന നിർവ്വഹിക്കാവുന്നതാണ്. ഇത്തരം വർക്കുകൾ ടെണ്ടർ നടപടി ഒഴിവാക്കി ടി യൂണിറ്റുകൾക്കു നൽകാവുന്നതാണ്. മറ്റു വകുപ്പുകൾക്കും സ്ഥാപനങ്ങളുടെയും ജോലികൾ ടി യൂണിറ്റുകൾക്ക് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. യൂണിറ്റുകളുടെ യൂസർഫീ അതത് ജില്ലാമിഷൻ നിശ്ചയിച്ചു നൽകാവുന്നതാണ്.

കാലാനുസൃതമായി ആവശ്യമായ മേഖലകളിൽ വൈദഗ്ദ്ധ്യ വികസനം നൽകി സംരംഭ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വ്യാപിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ